# 13-ാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നമ്പർ: 2501 23.01.2014-ൽ മറുപടിക്ക്

## 'കൈത്താങ്ങ്' പദ്ധതി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. എ. കെ. ബാലൻ | | കുമാരി. പി.കെ. ജയലക്ഷ്മി<br>(പട്ടിക വർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) | പട്ടികവർഗ്ഗ വകുപ്പ് 'കൈത്താങ്ങ്' എന്ന പദ്ധതി എന്നു മുതലാണ് ആരംഭിച്ചത് ; ഇതുവരെ എത്ര രൂപ ഈ പദ്ധതിക്കായി ചെലവഴിച്ചിട്ടുണ്ട് ; ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ ; | (എ) & (ബി) 15.10.2013 ലെ സർക്കാർ ഉത്തരവ് (എം.എസ്) നം.82/13 പജപവവിവ. പ്രകാരം പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ട്. ഇതുവരെ 3.60 ലക്ഷം രൂപ അനുവദിച്ചു കഴിഞ്ഞു. അർഹരായ ഗുണഭോക്താക്കളുടെ അപേക്ഷ സ്വീകരിച്ചു തുടങ്ങിയിട്ടുണ്ട്. ആയത് പൂർണ്ണമാകുന്ന മുറയ്ക്ക് മാത്രമേ കുട്ടികളുടെ എണ്ണം കൃത്യമായി ലഭ്യമാകുകയുള്ളൂ. എന്നിരുന്നാലും, നാളിതുവരെ ലഭിച്ച അപേക്ഷകരുടെ ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു. അപേക്ഷകരുടെ അർഹത പരിശോധിച്ച് തുക അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. |
| (ബി) | എത്ര കുട്ടികളെ ഈ പദ്ധതിയിലൂടെ സംരക്ഷിക്കാൻ കഴിഞ്ഞിട്ടുണ്ട് ; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ? | |

| | |
|---|---|
| കോട്ടയം | 7 |
| ഇടുക്കി | 18 |
| എറണാകുളം | 7 |
| തൃശ്ശൂർ | 6 |
| പാലക്കാട് | 15 |
| മലപ്പുറം | 30 |
| കോഴിക്കോട് | 24 |
| വയനാട് | 177 |
| കണ്ണൂർ | 21 |
| കാസർഗോഡ് | 30 |
| ആകെ | 335 കുട്ടികൾ |

സെക്ഷൻ ആഫീസർ